"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - മലപ്പുറം നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ നിറമരുതൂർ ഹയർസെക്കൻഡറി സ്കൂളിന് ടോയ്‌ലെറ്റ് ബ്ലോക്ക്, ഓപ്പൺ ഗാലറി നിർമ്മാണം - വിജിലൻസ് മിന്നൽപരിശോധന - ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി -OA 246/2026 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2026-ലെ ഉത്തരവ് നടപ്പാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1970/2026/LSGD തീയതി,തിരുവനന്തപുരം, 22-10-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 05.06.2023-ലെ VIG-D1/109/2023-VIG നമ്പർ കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09.03.2023-ലെ E15-(SC-96/2022/MPM) 39206/2022/DVACB നമ്പർ കത്ത്
3. 04.07.2023-ലെ EWA2/39/2023-LSGD നമ്പർ കുറ്റപത്രം , കുറ്റാരോപണ പത്രിക.
4. നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീമതി.സജിത എ. 20.12.2023 തീയതിയായും, ശ്രീ. സജീവ് എം.കെ. 27.11.2024 തീയതിയായും, ശ്രീമതി ജുമൈലത്ത് വി.വി, 26.11.2024 തീയതിയായും, മുൻ അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി. മഞ്ജു ജി. 27.11.2024 തീയതിയായും ശ്രീ. മഹേഷ് ഒ , ശ്രീമതി. ലിസ്സി പി.സി. എന്നിവർ 28.11.2024 തീയതിയായും സമർപ്പിച്ച പ്രതിവാദപത്രികകൾ.
5. 26.03.2026-ലെ EWA2/39/2023-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ., 13.04.2026 തീയതിയായും, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി, റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി. എന്നിവർ 20.04.2026 തീയതിയായും സമർപ്പിച്ച മറുപടികൾ.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.05.2025, 01.06.2026 തീയതികളിലെ LSGD/PD/46209/2023-VIGD3 നമ്പർ കത്ത്.
8. സ.ഉ.(സാധാ)നം.567/2026/LSGD തീയതി 03.03.2026.

9. 01.04.2026-ലെ EG9/Estt/26 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
10. OA 246/2026 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.02.2026-ലെ ഉത്തരവ്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ താനൂർ നിയോജകമണ്ഡലം എം.എൽ.എ-യുടെ 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മലപ്പുറം നിറമരുതൂർ ഹയർസെക്കൻഡറി സ്കൂൾ ടോയ്‌ലെറ്റ് ബ്ലോക്ക്, ഓപ്പൺ ഗാലറി നിർമ്മാണവുമായി ബന്ധപ്പെട്ട് 09.11.2022-ൽ SC-96/2022/MPM നമ്പറായി വിജിലൻസ് മിന്നൽപരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരാമർശം 1, 2 പ്രകാരം ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള അപാകതകൾക്ക് ഉത്തരവാദികളായ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. സജീവ് എം.കെ.(PEN-493133), ശ്രീമതി സജിത എ.(PEN-729335), ശ്രീമതി ജുമൈലത്ത് വി.വി.(PEN-680086), അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. മഹേഷ് ഒ.(PEN-369582), ശ്രീമതി മഞ്ജു ജി.(PEN-523014), ശ്രീമതി ലിസ്സി പി.സി.(PEN-486094) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 3 പ്രകാരം കുറ്റപത്രവും, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ.(PEN-600208) റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി.(PEN-717053) റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി.(PEN-698110) എന്നിവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(d) പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 5 പ്രകാരം കാരണം കാണിക്കൽ നോട്ടീസും നൽകുകയുണ്ടായി.

**3.** ഓരോ അപാകതയ്ക്കും ആയതിന് ഉത്തരവാദികളായ കുറ്റാരോപിതർ പരാമർശം 4 പ്രകാരം പ്രതിവാദപത്രികയും പരാമർശം 6 പ്രകാരം മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം പരാമർശം 7 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഓരോ അപാകത സംബന്ധിച്ചും കുറ്റാരോപിതരുടെ വാദങ്ങളും പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായവും ചുവടെ ചേർക്കുന്നു:-

**അപാകത 1 : 15.09.2018-ൽ എട്ടുമാസ കാലാവധിയിൽ ആരംഭിച്ച നിറമരുതൂർ പഞ്ചായത്തിന് കീഴിൽ വരുന്ന നിറമരുതൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ടോയ്‌ലെറ്റ് ബ്ലോക്ക്, ഓപ്പൺ ഗാലറി എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.**

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ.</u>

22.9.2017 മുതൽ 25.07.2019 വരെയുള്ള കാലയളവിലാണ് താനൂർ ബ്ലോക്ക്പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി ജോലി

ചെയ്തിട്ടുള്ളത്. മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെണ്ടർ ചെയ്ത് 31.03.2018-ൽ എഗ്രിമെന്റ് വച്ച നിറമരുതൂർ ഹയർ സെക്കൻഡറി സ്കൂൾ ടോയ്‌ലെറ്റ് ബ്ലോക്ക്, ഓപ്പൺ ഗാലറി പ്രവൃത്തിയിൽ, നിർമ്മാണം നടത്തേണ്ട സ്ഥലത്തെ ഉപയോഗശൂന്യമായ കെട്ടിടം നീക്കം ചെയ്ത് കിട്ടുവാനുണ്ടായ കാലതാമസം മൂലം 15.09.2018-ലാണ് കരാറുകാരന് സൈറ്റ് ഹാൻഡ്ഓവർ ചെയ്തത്. അതിനാൽ കരാറുകാരന്റെ അപേക്ഷപ്രകാരം 30.10.2019 വരെ നിർമ്മാണ കാലാവധി അനുവദിച്ചിട്ടുണ്ട്. പരമാവധി വേഗത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, 14.05.2019-ൽ 24.53 ലക്ഷം രൂപയുടെ ഒന്നാം പാർട്ട് ബിൽ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ നിർമ്മാണത്തിന് ഏറ്റവും പ്രയാസവും കാലതാമസവും ഉണ്ടാകുന്ന ഫൗണ്ടേഷനും ഗാലറിയുടെ ഭാഗങ്ങളും ആയിരുന്നു പൂർത്തിയാക്കിയത്. 2018-ലെ വെള്ളപ്പൊക്കം മൂലം ഒരു ചെറിയ കാലയളവ് നിർമ്മാണതടസ്സം ഉണ്ടായെങ്കിലും ശേഷിക്കുന്ന ഭാഗം നിർമ്മാണം തുടരുകയുണ്ടായി. 2019-ലെ ജനറൽ ട്രാൻസ്ഫർ പ്രകാരം തനിക്ക് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ചതിനെത്തുടർന്ന് 25.07.2019-ൽ തന്റെ ചുമതല തിരൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി.

<u>**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സജിത എ.**</u>

തിരൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സ്ിക്യൂട്ടിവ് എൻജിനീയറായിരുന്ന തനിക്ക് 01.10.2020 മുതൽ 06.01.2021 വരെയും 03.05.2021 മുതൽ 30.06.2021 വരെയും താനൂർ ബ്ലോക്കിന്റെയും അതിന്റെ അധികാരപരിധിയിൽ വരുന്ന താനൂർ മുൻസിപ്പാലിറ്റിയുടെയും അഡീഷണൽ ചാർജ് ഉണ്ടായിരുന്നു. 01.10.2020-ൽ താനൂർ ബ്ലോക്ക് പഞ്ചായത്തിൽ അഡീഷണൽ ചാർജ് ഏറ്റെടുക്കുമ്പോൾ മേൽപ്രവൃത്തിയുടെ Structural Work പൂർത്തിയായിരുന്നു. ജോലിത്തിരക്കുകൾക്കിടയിലും നാല് മാസത്തോളം Sector Magistrate & Covid Sentinel duty ഉൾപ്പെടെ നിർവ്വഹിച്ചിട്ടുണ്ട്. താനൂർ ബ്ലോക്ക് പഞ്ചായത്തിൽ അഡീഷണൽ ചാർജ്ജ് ഉള്ള സമയത്ത് ടി പ്രവൃത്തിയുടെ സൈറ്റിൽ നിരവധി തവണ പോവുകയും റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 15.10.2020-ലും 30.06.2021-ലും കരാറുകാരന് പ്രവൃത്തി പുനഃരാരംഭിക്കുന്നതിന് കത്ത് നൽകുകയും ചെയ്തിരുന്നു. കരാറുകാരന് കോവിഡ് ബാധിച്ചിട്ടുള്ളതിനാലും തൊഴിലാളികളുടെ ദൗർലഭ്യത്താലുമാണ് ടി സമയത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാഞ്ഞത്.

<u>**അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മഹേഷ് ഒ.**</u>

താനൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എൻജിനീയറായിരുന്ന തനിക്ക് 01.02.2018 മുതൽ 05.06.2018 വരെ മാത്രമാണ് താനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അഡിഷണൽ ചാർജ് ഉണ്ടായിരുന്നത്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന കാലപ്പഴക്കം ചെന്ന ശൗചാലയം പൊളിച്ചു മാറ്റേണ്ടതുള്ളതിനാലും ശൗചാലയത്തിനായി താൽക്കാലിക ബദൽ സംവിധാനം ഒരുക്കേണ്ടതുള്ളതിനാലും തനിക്ക് ചുമതലയുള്ള കാലയളവിൽ പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറുന്നതിനോ പ്രവൃത്തി തുടങ്ങുന്നതിനോ സാധിക്കില്ലായിരുന്നു. 15.09.2018-ൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് ആരംഭിച്ച ടി പ്രവൃത്തി

പൂർത്തീകരിക്കാത്തതിന് 01.02.2018 മുതൽ 05.06.2018 വരെ മാത്രം അസിസ്റ്റന്റ് എഞ്ചിനീയറുടെ അഡീഷണൽ ചാർജ് ഉണ്ടായിരുന്ന താൻ ഉത്തരവാദിയല്ല.

**അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി മഞ്ജു ജി.**

നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറായിരുന്ന തനിക്ക് 13.05.2019 മുതൽ 18.07.2019 വരെ താനൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ അഡീഷണൽ ചാർജ് ഉണ്ടായിരുന്നു. ഈ കാലയളവിൽ ലിന്റലിന് മുകളിലുള്ള ലാറ്ററൈറ്റ് വാൾ, പ്ലാസ്റ്ററിങ്, സോളിഡ് ബ്ലോക്ക് പാർട്ടീഷൻ എന്നീ പ്രവൃത്തികൾ നടത്തുകയും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 30.10.2019 വരെ ഈ പ്രവൃത്തി നടത്തുന്നതിനുള്ള Time Extension ലഭിച്ചിട്ടുള്ളതാണ്. തന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും പ്രവൃത്തി നടപ്പിലാക്കുന്നതിൽ ഉണ്ടായിട്ടില്ല.

**അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി.**

ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാൽ 14.05.2019 മുതൽ 30.10.2019 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയ അവസരത്തിലാണ് താൻ ചാർജ്ജ് എടുത്തിരുന്നത്. 53,94,995/- രൂപയ്ക്ക് കരാർ ഉടമ്പടി വച്ചിട്ടുള്ള പ്രവൃത്തിയിൽ 25,29,193/- രൂപയ്ക്കുള്ള പണികൾ മാത്രമാണ് 13 മാസ കാലാവധിയിൽ കരാറുകാരൻ ചെയ്തത്. പിന്നീട് നേരിട്ടും ഫോൺ മുഖേനയും കത്തിടപാടുകൾ മുഖേനയും കരാറുകാരനിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തിയതിനാലാണ് ഇത്രത്തോളം പണികൾ ചെയ്യിപ്പിക്കുവാൻ സാധിച്ചത്. ഈ കാര്യങ്ങൾ കാലാകാലങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ബോധിപ്പിച്ചിട്ടുള്ളതാണ്. കരാറുകാരൻ പറഞ്ഞിട്ടുള്ള കാരണങ്ങളായ 2019-ലെ വെള്ളപ്പൊക്കം, 2020, 2021 വർഷങ്ങളിലെ കൊറോണ വ്യാപനവും അതുമൂലമുള്ള നിയന്ത്രണവും കാരണം പ്രവൃത്തികളെല്ലാം താൽക്കാലികമായി നിർത്തിവെയ്ക്കേണ്ടിവന്നത്. സാധനങ്ങളുടെ ദൗർലഭ്യം, ജോലിക്കാരെ ലഭിക്കാത്തത്, കരാറുകാരന് രണ്ടുപ്രാവശ്യം കൊറോണ ബാധിച്ചതിനാലുണ്ടായ ആരോഗ്യപ്രശ്നങ്ങൾ എന്നിവയാലാണ് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാത്തത് എന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിവിധ ഘട്ടങ്ങളിലായി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 29.12.2021 വരെ ദീർഘിപ്പിച്ചുനൽകിയത്. 18.11.2021-ൽ ഗാലറി ഒഴികെയുള്ള വർക്കുകൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

**റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി.**

റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി.-യുടേതിന് സമാനമായ വാദങ്ങളാണ് ടിയാൾ ഉന്നയിച്ചിരിക്കുന്നത്.

**റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി.**

നിർമ്മാണം നടത്തേണ്ട സ്ഥലത്തെ ഉപയോഗശൂന്യമായ കെട്ടിടം പൊളിച്ചുനീക്കിയ ഉടൻതന്നെ ടോയ്ലെറ്റ് ബ്ലോക്ക്, ഓപ്പൺഗാലറി നിർമ്മാണപ്രവൃത്തി ആരംഭിക്കുകയും ആയത് സമയബന്ധിതമായി ചെയ്യുകയും താൻ 13.05.2019-ൽ ലീവിൽ പ്രവേശിക്കുന്നതിന് മുൻപായി കെട്ടിടത്തിന്റെ മെയിൻ സ്ലാബ് പ്രവൃത്തികൾവരെ പൂർത്തീകരിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് പ്രകാരം യാതൊരുവിധ അപാകതകളും ഇല്ലാതെയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്; ആയത് എം.ബുക്കിൽ രേഖപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. 13.05.2019 മുതൽ 31.10.2019 വരെ ലീവിലായിരുന്ന (LPR) താൻ 31.10.2019-ൽ സേവനത്തിൽ നിന്ന് വിരമിച്ചു.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം</u>

- പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായത് കോവിഡ് അടക്കമുള്ള സാഹചര്യങ്ങളും സൈറ്റ് കൈമാറ്റം ചെയ്യുന്നത് വിവിധ കാരണങ്ങളാൽ വൈകിയതും മൂലമാണെന്ന കുറ്റാരോപിതരുടെ വാദം പരിഗണിക്കാവുന്നതാണ്.
- നിറമരുതൂർ ഗ്രാമപഞ്ചായത്ത് താഴ്ന്ന പ്രദേശമായതിനാൽ സെപ്റ്റിക് ടാങ്ക്, ഗാലറി എന്നിവയുടെ പ്രവൃത്തികൾ മഴക്ക് മുമ്പെ ആസൂത്രണം ചെയ്ത് കരാറുകാരനെക്കൊണ്ട് ചെയ്യിക്കാത്തതിൽ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി.-ക്ക് മനപ്പൂർവ്വമല്ലാത്ത ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ടി പ്രവൃത്തിയിൽ സാമ്പത്തിക നഷ്ടം ഉണ്ടായതായി വിജിലൻസ് കണ്ടെത്താത്ത സാഹചര്യത്തിലും വിവിധ കാരണങ്ങളാൽ പൂർത്തീകരണ കാലാവധി 30.10.2019 വരെ ദീർഘിപ്പിക്കേണ്ടി വന്ന സാഹചര്യത്തിലും മേൽ ജീവനക്കാരൻ 13.05.2019 മുതൽ 30.10.2019 വരെ LPR-ൽ തുടർന്ന് 31.10.2019-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനാലും ടിയാന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.
- മേൽപ്രവൃത്തിയുടെ പൂർത്തീകരണകാലാവധി 30.10.2019-ൽ നിന്നും 30.04.2020 വരെയും പിന്നീട് 30.04.2020-ൽ നിന്ന് 31.10.2020 വരെയും ദീർഘിപ്പിച്ച് നൽകിയതായി കാണുന്നു. തുടർന്ന് പ്രവൃത്തി നിർവ്വഹണം നടത്തുന്ന സ്ഥാപനത്തിന്റെ മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിക്കാത്ത കാരണത്താൽ വിവിധ ഉത്തരവുകൾ പ്രകാരം പൂർത്തീകരണ കാലാവധി 29.12.2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്. പൂർത്തീകരണ കാലാവധിക്കുള്ളിലാണ് എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയത്. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി. 30.09.2020-ൽ താനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സ്ഥലം മാറിപ്പോയിട്ടുള്ളതിനാലും 31.01.2023-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് വിജിലൻസ് പരിശോധന ടീം എതിരഭിപ്രായമൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ടിയാളുടെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

**അപാകത 2 : മേൽ പ്രവൃത്തിക്ക് 30.10.2019 വരെ മാത്രമേ പൂർത്തീകരണകാലാവധി അനുവദിച്ചിട്ടുള്ളു. എന്നാൽ ആയതിനു ശേഷവും പ്രവൃത്തി തുടരുകയും നാളിതുവരെയായി എക്സ്റ്റൻഷൻ ഉത്തരവ് ലഭ്യമാക്കിയതായി കാണുന്നില്ല, എക്സ്റ്റൻഷൻ ഉത്തരവ് ലഭ്യമാകാത്ത കാലഘട്ടത്തിലും ഉദ്യോഗസ്ഥർ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതായി കാണുന്നു.**

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി.</u>

06.01.2021-ലാണ് താനൂർ ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി ചുമതലയേറ്റത്. ഫയൽ പരിശോധിച്ചതിൽ 30.10.2019 മുതൽ

30.04.2021 വരെ പ്രവൃത്തിയുടെ കാലാവധി നീട്ടി നല്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നല്കിയതായി കാണുന്നുണ്ട്. താൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറായി ചുമതലയേറ്റതിനുശേഷവും 30.04.2021 മുതൽ 29.12.2021 വരെ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നല്കുന്നതിനായി അപേക്ഷ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. Time Extension ഉത്തരവുകൾ ഉള്ളതിനാലാണ് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ ചെക്ക് മെഷർ ചെയ്തത്.

<u>അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി.</u>

15.07.2019-ൽ താനൂർ ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിയിൽ പ്രവേശിക്കുമ്പോൾ ടി പ്രവൃത്തിക്ക് 30.10.2019 വരെ Time Extension ഉണ്ടായിരുന്നു. താൻ ചാർജ് എടുത്തതിന് ശേഷം 30.10.2019 to 30.04.2010, 30.04.2020 to 31.10.2020, 31.10.2020 to 30.04.2021, 30.04.2021 to 15.06.2021, 15.06.2021 to 30.07.2021, 30.07.2021 to 15.09.2021, 15.09.2021 to 30.10.2021, 30.10.2021 to 29.12.2021 എന്നീ ക്രമത്തിൽ സമയം ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നല്കുകയും നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയത് അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ താൻ അളവുകൾ രേഖപ്പെടുത്തിയത് നിയമാനുസൃതമാണ്.

<u>റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി.</u>

Time Extension ലഭിച്ചതിനുശേഷമാണ് മേൽ പ്രവൃത്തികളുടെ പ്ലംബിംഗ് വർക്ക്, സെപ്റ്റി ടാങ്കിന്റെ വർക്ക്, പെയിൻറിംഗ്, നിലത്തും ചുമരിലുമുള്ള ടൈൽ വർക്ക്, ടോയ്ലെറ്റുകൾക്കുള്ള ഡോർ വർക്ക് എന്നിവ പൂർത്തീകരിച്ചത്. മേല്പറഞ്ഞ പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിനുശേഷം മാത്രമാണ് അളവുകൾ അസിസ്റ്റന്റ് എൻജിനീയർ എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

<u>റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി.</u>

13.05.2019 മുതൽ 31.10.2019 വരെ ലീവിലായിരുന്ന (LPR) താൻ 31.10.2019-ൽ സേവനത്തിൽ നിന്ന് വിരമിച്ചു.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം</u>

പ്രവൃത്തി നിർവ്വഹണത്തിന് Time Extension ഉത്തരവ് കുറ്റാരോപിതർ ലഭ്യമാക്കിയതിനാൽ മേൽകുറ്റാരോപിതരുടെ മേലുള്ള കുറ്റം ഒഴിവാക്കാവുന്നതാണ്.

**അപാകത 3 : മേൽപ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുന്നോടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തി നിർദ്ദേശങ്ങൾ നൽകിയതായി ഫയലിൽ കാണുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ആവശ്യകത**

**പരിശോധിച്ച് എഗ്രിമെന്റ് അതോറിറ്റി നിർദേശം നൽകിയതായി ഫയലിൽ കാണുന്നില്ല.**

**റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ.**

ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ പ്രസ്തുത സൈറ്റ് സന്ദർശിച്ചിരുന്നു. Original Sanctioned Estimate-ൽ അനിവാര്യമായി ഉൾപ്പെടുത്തേണ്ടിയിരുന്ന പ്ലംബിംഗ് പ്രവൃത്തികൾ, ഫിസിക്കൽ എഡ്യൂക്കേഷൻ റൂം, ക്ലോക്ക് റൂം എന്നിവയിൽ വിട്രിഫൈഡ് ടൈൽ പാകൽ, പി.വി.സി. ഡോർ ഫിറ്റിംഗ് ഉൾപ്പെടെയുള്ള ഇനങ്ങളുടെ ആവശ്യകത പൂർണ്ണമായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നേരിട്ട് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ്, പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി 05.10.2021-ൽ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 25.11.2021-ൽ പുതുക്കിയ ഭരണാനുമതി ലഭിക്കുകയും 20.12.2021-ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായ പ്രവൃത്തികളുടെ സൈറ്റുകൾ സന്ദർശിച്ച് ആയത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നേരിട്ട് നിർദ്ദേശം നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാലാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നിർദ്ദേശം നൽകിയതിന് ഫയലിൽ രേഖകൾ ലഭ്യമല്ലാതിരുന്നത്.

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി.**

റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ.-ന്റേതിന് സമാനമായ വാദങ്ങളാണ് ടിയാൾ ഉന്നയിച്ചിരിക്കുന്നത്.

**പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം**

- സൈറ്റ് സന്ദർശനം നടത്തി നേരിൽ നിർദ്ദേശം നൽകിയെന്നുള്ളത് സ്ഥാപിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയിൽ കാണാൻ സാധിച്ചിട്ടില്ല. കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റിലെ ഇനങ്ങളുടെ അനിവാര്യത സംബന്ധിച്ചും കുറിപ്പുകളൊന്നും ഫയലിൽ കാണുന്നില്ല. ആയത് നടപടിക്രമങ്ങളിലെ ഒരു വീഴ്ചയായി കാണാവുന്നതാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തികൾ അനിവാര്യമല്ലായെന്ന് വിജിലൻസ് മിന്നൽ പരിശോധനയിലോ സ്ഥാപനമേധാവിയോ അറിയിച്ചിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് വിജിലൻസ് മിന്നൽ പരിശോധനയിൽ എതിരഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലാത്തതും സാമ്പത്തിക നഷ്ടം ഉണ്ടായതായി പരാമർശിച്ചിട്ടില്ലാത്തതുമാണ്. റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ. സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും നടപടിക്രമങ്ങളുടെ വീഴ്ചയുടെ ഭാഗമായി

സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതിനാലും ടിയാളുടെ മറുപടി പരിഗണിക്കാവുന്നതാണ്.

- റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി സൈറ്റ് സന്ദർശനം നടത്തിയില്ല എന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ആവശ്യകത പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകിയില്ല എന്നതിനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി. വ്യക്തമായ വിശദീകരണം ബോധിപ്പിച്ചതായി കാണുന്നില്ല. ആയതിനാൽ ടി കുറ്റം ടിയാളുടെ മേൽ നിലനിൽക്കുന്നതായി കണക്കാക്കാവുന്നതാണ്.

**അപാകത 4 : 25.11.2021-ൽ ജില്ലാകളക്ടർ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന്മേലുള്ള സപ്ലിമെന്ററി എഗ്രിമെന്റ് 02.09.2022-ൽ മാത്രമാണ് കരാറുകാരനുമായി ഏർപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു.**

**റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ.**

20.12.2021-ൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയതിന് ശേഷം നിരവധി തവണ ഫോൺ മുഖേനയും സ്പെഷ്യൽ മെസഞ്ചർ മുഖേനയും സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പ് വയ്ക്കാൻ കോൺട്രാക്ടറെ അറിയിച്ചിരുന്നെങ്കിലും ടിയാൾ 02.09.2022-ൽ മാത്രമാണ് സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പ് വയ്ക്കാൻ ഡിവിഷൻ ഓഫീസിൽ ഹാജരായത്. ആയതിനാൽ മേൽവിഷയത്തിൽ തന്റെ ഭാഗത്ത് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും വളരെ അത്യാവശ്യമായതിനാലും നേരത്തെ തന്നെ പൂർത്തീകരിച്ചതിനാലും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുവാൻ കാലതാമസം നേരിട്ടത് മൂലം കോൺട്രാക്ടർക്കോ സർക്കാരിനോ യാതൊരുവിധ പ്രയാസങ്ങളോ സാമ്പത്തിക നഷ്ടമോ ഉണ്ടായിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതിന് ശേഷം മാത്രമാണ് കോൺട്രാക്ടർക്ക് ഫൈനൽ ബിൽ തുക പാസാക്കി നൽകിയത്.

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി.**

25.11.2021-ൽ ജില്ലാ കളക്ടർ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന്മേലുള്ള സപ്ലിമെന്ററി എഗ്രിമെന്റ്, എഗ്രിമെന്റ് അതോറിറ്റിയായ മലപ്പുറം ജില്ലാ പഞ്ചായത്ത് LID&EW ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഒപ്പ് വെച്ചിട്ടുള്ളത്. എഗ്രിമെൻറ് അതോറിറ്റി താനല്ലാത്തതിനാൽ മേൽ അപാകതയിൽ തന്റെ പേരിൽ ആരോപിച്ച കുറ്റം ഒഴിവാക്കിതരണമെന്നപേക്ഷിക്കുന്നു.

**പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം**

- പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് വിജിലൻസ് മിന്നൽ പരിശോധനയിൽ എതിരഭിപ്രായം രേഖപ്പെടുത്തിയിട്ടില്ലാത്തതും സാമ്പത്തികനഷ്ടം ഉണ്ടായതായി പരാമർശിച്ചിട്ടില്ലാത്തതുമാണ്. വിജിലൻസ് മിന്നൽ പരിശോധനയിലെ കണ്ടെത്തൽ പ്രകാരം നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണാവുന്നതാണ്. റിട്ട.

എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ. സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും നടപടിക്രമങ്ങളുടെ വീഴ്ച്ചയുടെ ഭാഗമായി സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതിനാലും ടിയാളുടെ മറുപടി പരിഗണിക്കാവുന്നതാണ്.

- അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന്മേൽ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നത് വൈകിയതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി. വ്യക്തമായ വിശദീകരണം ബോധിപ്പിച്ചതായി കാണുന്നില്ല. ആയതിനാൽ ടി കുറ്റം ടിയാളുടെ മേൽ നിലനിൽക്കുന്നതായി കണക്കാക്കാവുന്നതാണ്.

**അപാകത 5 : മേൽപ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ബഹു.കായിക-വഖഫ്-ഹജ്ജ്- തീർത്ഥാടന വകുപ്പ് മന്ത്രി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ശിപാർശയിൽ 30.04.2022-ൽ മേൽ പ്രവൃത്തി അഭംഗിയില്ലാതെ അവസാനിപ്പിക്കാവുന്നതാണ് എന്ന് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം സ്ഥലത്ത് പാലിച്ചതായി കാണുന്നില്ല. കൂടാതെ മേൽശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെർമിനേഷൻ റിക്വസ്റ്റ് ഒന്നും സമർപ്പിച്ചതായി കാണുന്നില്ല.**

**<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി.</u>**

ബഹു. കായിക-വഖഫ്-ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 25.02.2022-ൽ നടന്ന യോഗത്തിൽ ഗ്യാലറി നിർമ്മാണം കരാറുകാരനെക്കൊണ്ട് ചെയ്യിക്കേണ്ടെന്നും ഗ്യാലറിയുടെ നിലവാരം ഉയർത്തുന്നതിനായി കൂടുതൽ ഫണ്ടുപയോഗിച്ച് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്നതിനാണ് തീരുമാനമെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. ബഹു.മന്ത്രിയുടെ 30.04.2022-ലെ കത്തിൽ ഇനിയും പ്രവൃത്തി നീട്ടികൊണ്ട് പോകേണ്ടെന്നും പൂർത്തിയായതിന്റെ സുരക്ഷ ഉറപ്പാക്കി അഭംഗിയില്ലാതെ പ്രവൃത്തി അവസാനിപ്പിക്കുന്നതിന് നിർദേശം നല്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഗാലറി നിർമ്മാണത്തിന് ആവശ്യമായതിനാൽ ടോയ്‌ലെറ്റിന്റെ റൂഫ് സ്ളാബിൽ നിന്നും തള്ളി നിർത്തിയ കമ്പി കട്ട് ചെയ്യാതെ മുകളിലേക്ക് വളച്ച്നിർത്തിയിരുന്നു. കളിസ്ഥലത്തിന്റെ മുൻഭാഗമായതിനാലാണ് ആയത് അഭംഗിയായി കാണപ്പെട്ടത്. പിന്നീട് ഈ കമ്പി ഉപയോഗിച്ച് ഗ്യാലറി നിർമ്മാണം സ്പോർട്സ് കൗൺസിൽ മുഖേന പൂർത്തീകരിച്ചിട്ടുള്ളതാണ്. മേൽ വിവരം ചൂണ്ടിക്കാട്ടി നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ ടെർമിനേഷൻ ഉത്തരവ് കരാറുകാരന് നല്കേണ്ടത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറല്ല.

**<u>അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി.</u>**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി.-യുടേതിന് സമാനമായ വാദങ്ങൾ ടിയാൾ ഉന്നയിച്ചിട്ടുണ്ട്. അതോടൊപ്പം, ടെർമിനേഷൻ റിക്വസ്റ്റ് ചെയ്യപ്പെടുന്നത് ബാക്കിനിൽക്കുന്ന പ്രവർത്തനങ്ങൾ വേറൊരു കരാറുകാരനെ ചുമതലപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കേണ്ടി വരുന്ന സാഹചര്യത്തിലാണ് എന്നും ടി

പ്രവൃത്തിയിൽ 08.11.2021-ന് ശേഷം യാതൊരു പ്രവർത്തനവും ആവശ്യമായി വന്നിട്ടില്ലാത്തതിനാലാണ് ടെർമിനേഷൻ റിക്വസ്റ്റ് സമർപ്പിക്കാതിരുന്നത് എന്നും ടി പ്രവൃത്തി നല്ല രീതിയിൽത്തന്നെ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നും ബോധിപ്പിച്ചിരിക്കുന്നു.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം</u>

പദ്ധതി നിർവ്വഹണത്തിനായി കരാറിൽ ഏർപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ടെർമിനേഷൻ ഉത്തരവ് കരാറുകാരന് നൽകേണ്ടത്. എന്നാൽ ഗ്യാലറി ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഫൈനൽ ബിൽ അനുവദിച്ചതിനാൽ പദ്ധതി ടെർമിനേറ്റ് ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. നിലവിൽ ടോയ്‌ലറ്റ് നിർമ്മാണവും പുറത്തേയ്ക്ക് തള്ളി നിർത്തിയിരുന്ന Reinforcement കൂടി ഉപയോഗപ്പെടുത്തി യഥാവിധി സ്പോർട്സ് കൗൺസിൽ മുഖേന ഗ്യാലറി തൃപ്തികരമായി പൂർത്തീകരിച്ചതായും കാണിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മേൽ പരാമർശകുറ്റത്തിന് കുറ്റാരോപിതരുടെ വിശദീകരണം പരിഗണിക്കാവുന്നതായി കാണുന്നു.

3. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി പുരോഗമിച്ചുവരവേ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ. 31.05.2025-ലും, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. ലിസ്സി പി.സി. 30.09.2025-ലും സേവനത്തിൽ നിന്ന് വിരമിച്ചു. ടിയാളുകൾക്കെതിരെയുള്ള അച്ചടക്കനടപടി കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3 (a) പ്രകാരം തുടർന്നു. ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി മേൽവിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് പരാമർശം 8 പ്രകാരം ഉത്തരവായി. ഓരോ കുറ്റാരോപിതരുടെയും കുറ്റം സംബന്ധിച്ച് പരാമർശം 9 ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളും അഭിപ്രായവും ഇപ്രകാരമാണ്.

**അപാകത 1 : 15.09.2018-ൽ എട്ടുമാസ കാലാവധിയിൽ ആരംഭിച്ച നിറമരുതൂർ പഞ്ചായത്തിന് കീഴിൽ വരുന്ന നിറമരുതൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ Toilet ബ്ലോക്ക്, ഓപ്പൺ ഗാലറി എന്നിവ നിർമ്മിക്കുന്ന പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.**

<u>റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ.</u>

ശ്രീ. സജീവ് എം.കെ.-യുടെ കാലയളവിലാണ് പരാമർശിത പ്രവൃത്തി തുടങ്ങിയത്. സൈറ്റ് ക്ലിയർ ചെയ്ത് ലഭ്യമാകുന്നതിനുണ്ടായ കാലതാമസം കാരണം സൈറ്റ് ഹാൻഡ് ഓവർ വൈകുകയും ഈ കാരണത്താൽ എഗ്രിമെൻറ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ പ്രയാസമുണ്ടായ സാഹചര്യത്തിൽ എഗ്രിമെൻറ് പുതുക്കുന്നതിന് വ്യക്തമായ ശിപാർശ അസിസ്റ്റന്റ് എൻജിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ എന്നിവർ നല്കിയിട്ടുള്ളതും ആയത് നിയമപ്രകാരം എഗ്രിമെൻറ് അതോറിറ്റിയായ എക്സിക്യൂട്ടീവ് എൻജിനീയർ

അംഗീകരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളതുമാണ്. ടിയാളുടെ കാലയളവിലാണ് പ്രസ്തുത കെട്ടിടത്തിന്റെ Structural Work പൂർത്തീകരിച്ചതും പാർട്ട് ബിൽ നല്കിയിട്ടുള്ളതും. എഗ്രിമെന്റ് കാലാവധി 30.10.2019 വരെയുള്ളപ്പോഴാണ് ടിയാളെ 25.07.2019-ൽ പ്രസ്തുത കാര്യാലയത്തിൽ നിന്ന് നിന്നും വിടുതൽ ചെയ്തിട്ടുള്ളത്. ടി സാഹചര്യത്തിൽ ഒന്നാം അപാകതയ്ക്ക് ടിയാൾ ഉത്തരവാദിയാണെന്ന് കാണുന്നില്ല. ടിയാളുടെ മറുപടി അംഗീകരിച്ച് കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സജിത എ.</u> വളരെ കുറഞ്ഞ കാലയളവുകളിലാണ് ശ്രീമതി സജിത എ.-യ്ക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല ഉണ്ടായിരുന്നത്. ടിയാളുടെ കാലത്ത് യാതൊരു പ്രവൃത്തിയും നടപ്പാക്കി അളവുകൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഈ കാലയളവിലാണ് കോവിഡ് മഹാമാരിയോടനുബന്ധിച്ച് നിരവധി തവണയായുള്ള Lockdown, കടുത്ത നിയന്ത്രണങ്ങൾ എന്നിവ ഉണ്ടായതും നിർമാണപ്രവർത്തനങ്ങളടക്കം എല്ലാ മേഖലകളിലും സ്തംഭനാവസ്ഥ ഉണ്ടായതും. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുതന്നെ ഒന്നിലധികം തവണ കോവിഡ് ബാധിച്ച സാഹചര്യം ഉണ്ടായതായി ഫയലിൽ ലഭ്യമായ രേഖകളിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തി ആരംഭിക്കുന്നതിന് ഒന്നിലധികം തവണ കരാറുകാരന് ഈ കാലത്ത് നോട്ടീസുകൾ നല്കിയിട്ടുള്ളതായി കാണുന്നു. പ്രവൃത്തി നടത്തുന്നതിന് കരാറുകാരൻ നൽകിയ മറുപടി തൃപ്തികരമാണെന്ന് കണ്ടതിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിശ്ചിത പ്രഫോർമയിൽ വ്യക്തമായ ശിപാർശ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടു തവണയായി ഈ കാലയളവിൽ 30.07.2021 വരെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതും യഥാസമയങ്ങളിൽ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുള്ളതുമാണ്. ആയതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി സജിത എ.-യുടെ പേരിൽ ആരോപിച്ചിരിക്കുന്ന ഒന്നാം അപാകതയ്ക്ക് ടിയാൾ ഉത്തരവാദിയാണെന്ന് കാണുന്നില്ല. ടിയാളുടെ മറുപടി അംഗീകരിക്കാവുന്നതും കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കാവുന്നതുമാണ്.

<u>അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മഹേഷ് ഒ.</u>

പ്രവൃത്തിയുടെ ഒറിജിനൽ എഗ്രിമെൻറ് പ്രകാരമുള്ള കാലാവധിയിലാണ് ശ്രീ മഹേഷ് ഒ. ആദ്യം അസിസ്റ്റന്റ് എൻജിനിയറുടെ അധിക ചുമതല വഹിച്ചിരുന്നത്. ബദൽ താത്കാലിക സംവിധാനം ഒരുക്കി പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന കാലപ്പഴക്കം ചെന്ന ശൗചാലയം പൊളിച്ച് പരാമർശിത ടോയ്‌ലറ്റ് ബ്ലോക്ക് നിർമാണത്തിനായി സ്കൂൾ അധികൃതർ സ്ഥലം വിട്ടു നൽകിയിട്ടുള്ളത് 15.09.2018-ന് മാത്രമാണ്. മേൽകാരണത്താൽ ടി കാലയളവിൽ പ്രവൃത്തി ആരംഭിച്ചിരുന്നില്ല. ടിയാൾ 04.06.2018-ൽ അധികചുമതല ഒഴിവായിട്ടുള്ളതാണ്. പിന്നീട് ടിയാൾ അസിസ്റ്റന്റ് എൻജിനിയറുടെ അധിക ചുമതല 19.07.2022-ൽ ഏറ്റെടുക്കുന്നതിന് മുൻപ് തന്നെ പ്രവൃത്തി സംബന്ധിച്ച അവസാനഅളവുകൾ രേഖപ്പെടുത്തിയിരുന്നതും റിവൈസ്ഡ്

എസ്റ്റിമേറ്റ് അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. വളരെ കുറഞ്ഞ കാലയളവിൽ മാത്രമാണ് ടിയാൾ അധിക ചുമതല വഹിച്ചിരുന്നത് എന്നതിനാൽ ഒന്നാം അപാകതക്ക് ടിയാൾ ഉത്തരവാദിയാണെന്ന് കാണുന്നില്ല. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മഹേഷ് ഒ.-യുടെ മേലുള്ള കുറ്റം ഒഴിവാക്കി നൽകുന്നതിന് ശിപാർശ ചെയ്യുന്നു.

<u>അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി മഞ്ജു ജി.</u>

സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നതിന് വന്ന കാലതാമസത്തെ തുടർന്ന് എഗ്രിമെൻറ് കാലാവധി നിയമാനുസരണം 30.10.2019 വരെ പുതുക്കിയ കാലത്താണ് ശ്രീമതി മഞ്ജു ജി. ആദ്യം അസിസ്റ്റന്റ് എഞ്ചിനീയറുടെ അധികചുമതല വഹിച്ചിരുന്നത്. വളരെ കുറഞ്ഞ കാലയളവിലാണെങ്കിലും ടി കാലത്ത് പ്രവൃത്തി യഥാസമയം നടന്നിരുന്നതായി കാണുന്നുണ്ട്. പിന്നീട് ടിയാൾ അസിസ്റ്റന്റ് എൻജിനിയറുടെ അധിക ചുമതല ഏൽക്കുന്ന 18.09.2022-ന് മുൻപുതന്നെ പ്രവൃത്തി സംബന്ധിച്ച അവസാന അളവുകൾ രേഖപ്പെടുത്തിയിരുന്നതും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ ഒന്നാം അപാകതക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി മഞ്ജു ജി. ഉത്തരവാദിയാണെന്ന് കാണുന്നില്ല.

<u>റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി.</u>

പ്രസ്തുത പ്രവൃത്തി പൂർത്തികരിച്ചതും റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചതും ബഹു. MLA യുടെ നിർദ്ദേശാനുസരണം പ്രവൃത്തി അവസാനിപ്പിച്ച് ഫൈനൽ ബില് നൽകിയതും ശ്രീമതി ലിസ്സി പി.സി. അസിസ്റ്റന്റ് എഞ്ചിനീയറായി നിറമരുതൂർ ഗ്രാമപഞ്ചായത്തിൽ സേവനനമനുഷ്ഠിച്ചിരുന്ന കാലയളവിലാണ്. മാസ്റ്റർപ്ലാനിന് അനുസൃതമായി ടോയ്‌ലറ്റ് ബ്ലോക്കിന് Monolithic ആയി ഗ്യാലറി നിർമ്മിക്കുന്നതിനായി ടോയ്‌ലറ്റ് ബ്ലോക്കിന്റെ ബീമിൽ നിന്നും പുറത്തേക്ക് തള്ളി നിലനിർത്തിയ കമ്പികളുടെ സാന്നിധ്യമായിരിക്കാം 08.11.2021-ൽ അവസാനഅളവ് പൂർത്തീകരിച്ച പ്രവൃത്തി സംബന്ധിച്ച്, 09.11.2022-ലെ വിജിലൻസ് പരിശോധന വേളയിൽ "പ്രവൃത്തി നാളിതു പൂർത്തീകരിച്ചിട്ടില്ല" എന്ന പരാമർശത്തിന് കാരണമായത് എന്ന അനുമാനത്തിൽ ഒന്നാം അപാകതക്ക് റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി. ഉത്തരവാദിയാണെന്ന് കരുതാനാവില്ല. നിലവിൽ ഈ പ്രവൃത്തിയിൽ വിഭാവനം ചെയ്തിരുന്ന ഗ്യാലറി നിർമാണം കായിക-യുവജനക്ഷേമ വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തികരിച്ചിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി.-യ്ക്കുമേലുള്ള കുറ്റം ഒഴിവാക്കാവുന്നതാണ്.

<u>റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി.</u>

എം ബുക്ക് 4215/18-19 ലെ പേജ് 42 മുതൽ 50 വരെ 01.06.2020 മുതൽ 02.07.2020 വരെ രേഖപ്പെടുത്തിയ അളവുകളും എം ബുക്ക് 464/20-21 ലെ പേജ് 1 മുതൽ 32 വരെ 27.07.2020 മുതൽ 29-09-2020 വരെ രേഖപ്പെടുത്തിയ അളവുകളുമാണ് ചെക്ക്മെഷർ ചെയ്തിട്ടുള്ളത്. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി. ചുമതല ഏറ്റെടുത്ത 27.09.2019 മുതൽ 31.05.2020 വരെ

പ്രവൃത്തികൾ നടന്നിട്ടില്ല. 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയക്കെടുതി, 2020-ന്റെ തുടക്കത്തിൽ പടർന്നുപിടിച്ച കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ ലോക്ക്ഡൌൺ, അനുബന്ധമായ കടുത്ത നിയന്ത്രണങ്ങൾ എന്നിവ നിർമ്മാണമേഖലയെ സാരമായി ബാധിച്ചത് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുവാൻ സാധിക്കാതിരുന്നതിനെ ന്യായികരിക്കുന്നുണ്ട്. ടിയാൾ ചുമതല ഉണ്ടായിരുന്ന മുഴുവൻ കാലയളവിലും എഗ്രിമെന്റ് കാലാവധി വിവിധ തവണകളായി പുതുക്കിയിരുന്നതാണ്. മേൽസാഹചര്യത്തിൽ റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി.-ക്കെതിരെ അപാകത 1 ആരോപിക്കുന്നതിന് ന്യായം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

<u>റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി.</u>

എം.ബുക്ക് 3699/18-19 ൽ പേജ് 1 മുതൽ 100 വരെ 18.09.2018 മുതൽ 29.03.2019 വരെയും എം.ബുക്ക് 4215/18-19ൽ പേജ് 1 മുതൽ 2 വരെ 29.04.2019-നും റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി. അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ചുനീക്കി സൈറ്റ് ക്ലിയർ ആയതിനു ശേഷം കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിച്ചതായും ആയതിന് ശേഷം പ്രവൃത്തി കാര്യക്ഷമമായി പുരോഗമിച്ചതായും ടോയ്‌ലറ്റ് ബ്ലോക്കിന്റെ Structural Work പൂർത്തിയാക്കിയതായും കാണുന്നു. ആയതിനു ശേഷം 25,16,299/- രൂപയുടെ CC 1st & Part Bill നല്കിയിട്ടുള്ളതും ടിയാളുടെ കാലയളവിലാണ്. ഒറിജിനൽ എഗ്രിമെൻറ് പ്രകാരമുള്ള കാലാവധിക്കുള്ളിൽ സൈറ്റ് ഹാൻഡ് ഓവർ സാധിക്കാതിരുന്ന കാരണം കാണിച്ച് നിശ്ചിത മാതൃകയിൽ Time Extension ശിപാർശ ചെയ്തിട്ടുള്ളതും തുടർന്ന് ആയത് അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് പരാമർശിച്ച അപാകത 1 ആരോപിക്കുന്നതിന് ന്യായം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

**അപാകത 2 : മേൽ പ്രവൃത്തിക്ക് 30.10.2019 വരെ മാത്രമേ പൂർത്തീകരണകാലാവധി അനുവദിച്ചിട്ടുള്ളു. എന്നാൽ ആയതിനു ശേഷവും പ്രവൃത്തി തുടരുകയും നാളിതുവരെയായി എക്സ്റ്റൻഷൻ ഉത്തരവ് ലഭ്യമാക്കിയതായി കാണുന്നില്ല, എക്സ്റ്റൻഷൻ ഉത്തരവ് ലഭ്യമാകാത്ത കാലഘട്ടത്തിലും ഉദ്യോഗസ്ഥർ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയതായി കാണുന്നു.**

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി.</u>

ശ്രീമതി. ജുമൈലത്ത് വി.വി 31.10.2020 മുതൽ 30.04.2021 വരെ നിയമപ്രകാരം കരാർ കാലാവധി നീട്ടി ലഭ്യമായിരുന്ന കാലത്താണ് ആദ്യം ചുമതലയിലുണ്ടായിരുന്നത്. 30.04.2021 മുതൽ 15.06.2021 വരെ കാലാവധി നീട്ടുന്നതിന് വ്യക്തമായ ശിപാർശയോടെ ടിയാൾ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നൽകിയിട്ടുള്ളതുമാണ്. പിന്നീട് രണ്ടാമത് ടിയാൾ ചുമതലയിൽ ഉണ്ടായിരുന്ന വേളയിലാണ് ഫിനിഷിങ് പ്രവൃത്തികൾ പൂർത്തീകരിച്ചതും റിവൈസ്ഡ് എസ്റ്റിമേറ്റ്

തയ്യാറാക്കി സമർപ്പിച്ചതും ബഹു. എം.എൽ.എ-യുടെ നിർദേശാനുസരണം പ്രവൃത്തി അവസാനിപ്പിച്ചതും ഫൈനൽ ബിൽ സമർപ്പിച്ചതും. ടി കാലത്ത് 30.07.2021 വരെ നിയമാനുസരണം എഗ്രിമെന്റ് നിലവിൽ ഉണ്ടായിരുന്നതാണ്. പിന്നീട് മൂന്ന് തവണയായി 30.07.2021 മുതൽ 29.12.2021 വരെ വ്യക്തമായ ശിപാർശ സഹിതം കാലാവധി പുതുക്കുന്നതിനായി ടിയാൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് യഥാസമയങ്ങളിൽ പുതുക്കി ലഭ്യമായിട്ടുള്ളതുമാണ്.

<u>റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി.</u>

സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നതിന് വന്ന കാലതാമസത്തെത്തുടർന്ന് എഗ്രിമെൻറ് കാലാവധി നിയമാനുസരണം 30.10.2019 വരെ നിലവിലുണ്ടായിരുന്ന കാലത്താണ് അസിസ്റ്റന്റ് എഞ്ചിനീയറായി ശ്രീമതി ലിസ്സി പി.സി. ആദ്യം ചുമതല ഏറ്റെടുത്തിരുന്നത്. ടിയാളുടെ കാലയളവിൽ 31.05.2020 വരെ യാതൊരു പ്രവൃത്തികളും രേഖപ്പെടുത്തിയതായി കാണുന്നില്ല. 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയക്കെടുതി, 2020-ന്റെ തുടക്കത്തിൽ പടർന്നുപിടിച്ച കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ ലോക്ക്ഡൌൺ, അനുബന്ധമായ കടുത്ത നിയന്ത്രണങ്ങൾ എന്നിവ നിർമ്മാണമേഖലയെ സാരമായി ബാധിച്ചതും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുതന്നെ ഒന്നിലധികം തവണ കോവിഡ് ബാധിച്ചതും ടി കാലയളവിൽ പ്രസ്തുതപ്രവൃത്തി നടപ്പാക്കുവാൻ സാധിക്കാതിരുന്നതിനെ ന്യായികരിക്കുന്നുണ്ട്. 30.10.2019 മുതൽ 29.12.2021 വരെയുള്ള മുഴുവൻ കാലാവധിയിലും 8 തവണകളായി എഗ്രിമെൻറ് നിയമപ്രകാരം നീട്ടി നല്കിയിട്ടുള്ളതാണ്. ആയതിന് യഥാസമയങ്ങളിൽ ടിയാൾ ആവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നു.

<u>റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ സി.ബി., റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജഗന്നിവാസൻ പി.</u>

അപാകത 1 സംബന്ധിച്ച കണ്ടെത്തലുകളും ശിപാർശയുമാണ് അപാകത 2-ലും അന്വേഷണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിരിക്കുന്നത്.

**അപാകത 3 : മേൽപ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുന്നോടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തി നിർദ്ദേശങ്ങൾ നൽകിയതായി ഫയലിൽ കാണുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ആവശ്യകത പരിശോധിച്ച് എഗ്രിമെന്റ് അതോറിറ്റി നിർദേശം നൽകിയതായി ഫയലിൽ കാണുന്നില്ല.**

<u>റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുൽഫീക്കർ എൻ.</u>

അന്വേഷണ ഉദ്യോഗസ്ഥ മുൻപാകെ 30.03.2026-ൽ റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുൽഫീക്കർ എൻ. നൽകിയ മൊഴിയിൽ, റിവിഷൻ ആവശ്യമായ പ്രവൃത്തികളുടെ സൈറ്റുകൾ ടിയാൾ സന്ദർശിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച്

നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് നൽകിയിരുന്നുവെന്ന് ബോധിപ്പിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങളിൽ ഒറിജിനൽ എസ്റ്റിമേറ്റുമായി വരുന്ന വ്യത്യാസം കൃത്യമായി ഉൾപ്പെടുത്തിയ Comparative Statement തയ്യാറാക്കി ഉള്ളടക്കം ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട്, Comparative Statement എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഒപ്പിട്ട് അംഗീകരിച്ചിട്ടുള്ളതിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ എന്നിവർ സ്ഥലസന്ദർശനം നടത്തിയാണ് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാവുന്നതാണ്. മേൽസാഹചര്യങ്ങളിൽ ഫയലിൽ രേഖപ്പെടുത്തൽ നടത്തിയില്ല എന്നത് കൊണ്ട് മാത്രം എഗ്രിമെന്റ് അതോറിറ്റിയായ എക്സിക്യൂട്ടീവ് എൻജിനിയർ തന്റെ ചുമതല നിർവഹിച്ചിട്ടില്ല എന്നും ടി ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചുവെന്നും കരുതാനാവുകയില്ല.

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി ജുമൈലത്ത് വി.വി.</u> പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെൻറ് അതോറിറ്റി മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയർ ആണ്. ശ്രീമതി. ജുമൈലത്ത് വി.വി. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ എന്ന നിലയിലാണ് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ടത് എന്നതിനാൽ എഗ്രിമെൻറ് അതോറിറ്റിയുടെ ചുമതല സംബന്ധിച്ച് മൂന്നാം അപാകതയിലെ പരാമർശം ടിയാളുടെ പേരിൽ ചുമത്താവുന്നതല്ല.

**അപാകത 4 : 25.11.2021-ൽ ജില്ലാകളക്ടർ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന്മേലുള്ള സപ്ലിമെന്ററി എഗ്രിമെന്റ് 02.09.2022-ൽ മാത്രമാണ് കരാറുകാരനുമായി ഏർപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു.**

<u>റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. സുൽഫീക്കർ എൻ.</u>

റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാകുന്ന മുറക്ക് ഒറിജിനൽ എസ്റ്റിമേറ്റിൽ വന്ന വ്യതിയാനങ്ങൾ, എക്സ്ട്രാ ഐറ്റംസ് എന്നിവ അംഗീകരിച്ച് കരാറുകാരൻ സമയബന്ധിതമായി സപ്ലിമെൻററി എഗ്രിമെൻറ് വെയ്ക്കേണ്ടതുണ്ട്. കാലതാമസം സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തൽ കാണുന്നില്ല. പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചതിനെത്തുടർന്ന് സപ്ലിമെൻററി എഗ്രിമെന്റ് കരാർ തയ്യാറാക്കുന്നതിന് കരാറുകാരനെ അറിയിച്ചിരുന്നുവെങ്കിലും ടിയാൾ ഹാജരാവുന്നതിൽ കാലതാമസം ഉണ്ടായതായി മനസിലാക്കുന്നു. എന്നാൽ എസ്റ്റിമേറ്റിൽ വന്ന വ്യതിയാനം, സാങ്കേതികാനുമതി നൽകിയ അധികാരിയുടെ അറിവോടെ നേരത്തെ പൂർത്തീകരിച്ച സാഹചര്യത്തിലും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമായ സമയം പ്രവർത്തിയുടെ അളവുകൾ പൂർത്തിയായതിനാലും സപ്ലിമെൻററി എഗ്രിമെൻറ് നടപ്പിലാക്കുന്നതിൽ ഉണ്ടായ കാലതാമസം എന്നത് എഗ്രിമെന്റ് അതോറിറ്റിയുടെ വീഴ്ചയായി കണക്കാക്കേണ്ടതില്ല എന്ന് അഭിപ്രായപെടുന്നു. മറിച്ച് ആയത് നടപടിക്രമത്തിലെ കാലതാമസമായി വിലയിരുത്തുന്നു. ഇത് വഴി സർക്കാരിന് ഏതെങ്കിലും ധനനഷ്ടമോ കരാറുകാരന് അനാവശ്യമായ പ്രയോജനമോ

ഉണ്ടായിട്ടുള്ളതായി കരുതുന്നില്ല.

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീമതി ജുമൈലത്ത് വി.വി.</u>

പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെൻറ് അതോറിറ്റി മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സ്ിക്യൂട്ടീവ് എൻജിനിയർ ആണ്. ശ്രീമതി ജുമൈലത്ത് വി.വി. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ എന്ന നിലയിലാണ് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ടത് എന്നതിനാൽ എഗ്രിമെന്റ് അതോറിറ്റിയുടെ ചുമതല സംബന്ധിച്ച് 4-ാാം അപാകതയിലെ പരാമർശം ടിയാളുടെ പേരിൽ ചുമത്താവുന്നതല്ല.

**അപാകത 5 : മേൽപ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ബഹു.കായിക-വഖഫ്-ഹജ്ജ്- തീർത്ഥാടന വകുപ്പ് മന്ത്രി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ശിപാർശയിൽ 30.04.2022-ൽ മേൽ പ്രവൃത്തി അഭംഗിയില്ലാതെ അവസാനിപ്പിക്കാവുന്നതാണ് എന്ന് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം സ്ഥലത്ത് പാലിച്ചതായി കാണുന്നില്ല. കൂടാതെ മേൽശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെർമിനേഷൻ റിക്വസ്റ്റ് ഒന്നും സമർപ്പിച്ചതായി കാണുന്നില്ല.**

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി., റിട്ട. അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ലിസ്സി പി.സി.</u>

09.11.2022-ൽ വിജിലൻസ് നടത്തിയ പരിശോധന വേളയിൽ പ്രസ്തുത ഗ്യാലറി നിർമ്മാണം ആരംഭിച്ചിരുന്നില്ല എന്ന് അന്വേഷണത്തിൽ അറിയുന്നു. ആയതിനാൽ ടോയ്‌ലറ്റ് ബ്ലോക്കിന്റെ ബീമിൽ നിന്ന് പുറത്തേക്ക് തള്ളിയനിലയിലുള്ള കമ്പികളുടെ സാന്നിധ്യം കാരണമായിരിക്കാം പ്രവൃത്തി അഭംഗിയില്ലാതെ അവസാനിപ്പിക്കുന്നതിന് എം.എൽ.എ നൽകിയ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല എന്ന വിജിലൻസിന്റെ പരാമർശത്തിന് കാരണമായത് എന്ന് അനുമാനിക്കുന്നു. ഈ അവസ്ഥ എം.എൽ.എ-യ്ക്ക് അസിസ്റ്റന്റ് എക്സ്ിക്യൂട്ടീവ് എൻജിനീയർ നൽകിയ കത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജുമൈലത്ത് വി.വി., റിട്ട. അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ലിസ്സി പി.സി. എന്നിവരുടെ മറുപടി അംഗീകരിച്ച് ടി അപാകതക്ക് ടിയാളുകളിൽ ചുമത്തപ്പെട്ട കുറ്റം ഒഴിവാക്കാവുന്നതാണ് എന്ന് ശിപാർശ ചെയ്യുന്നു.

**4.** തുടർന്ന്, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, അണ്ടർ സെക്രട്ടറി കുറ്റാരോപിതരെ 29.06.2026-ൽ നേരിൽകേട്ടു. ഹിയറിങ് ഓഫീസറുടെ കണ്ടെത്തലുകൾ ഇപ്രകാരമാണ്:-

ബന്ധപ്പെട്ട എം.ബുക്ക് പ്രകാരം 43,43,689/-രൂപയുടെ ഫൈനൽ ബില്ല് കരാറുകാരന് മാറി നൽകിയതായും ഇലക്ട്രിഫിക്കേഷൻ, ഓപ്പൺ ഗ്യാലറി ഒഴികെയുള്ള

പ്രവൃത്തികൾ പൂർത്തീകരിച്ച് ടോയിലറ്റ് ഉപയോഗത്തിന് ലഭ്യമായിട്ടുള്ളതായി സ്കൂൾ പ്രിൻസിപ്പൽ രേഖാമൂലം അറിയിച്ചതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നുവെന്നും അന്വേഷണ റിപ്പോർട്ടിലുണ്ട്. കൂടാതെ, സൈറ്റ് പരിശോധിച്ചതിൽ നിന്നും ടോയിലറ്റ് ബ്ലോക്കിനോട് ചേർന്ന് 25.7 മീറ്റർ നീളത്തിൽ സ്പോർട്ട്സ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് കോൺക്രീറ്റ് ഓപ്പൺ ഗ്യാലറി നിർമ്മിച്ചതായി കാണുന്നുണ്ട് എന്നും നിലവിൽ പൂർത്തീകരിച്ച ടോയിലറ്റ് ബ്ലോക്ക് കെട്ടിടം യാതൊരു കേടുപാടുമില്ലാതെ Structurally Fit ആയി നിൽക്കുന്നുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് എതിരഭിപ്രായം രേഖപ്പെടുത്തുകയോ സാമ്പത്തിക നഷ്ടം ഉണ്ടായതായ രേഖപ്പെടുത്തലുകളോ വിജിലൻസ് റിപ്പോർട്ടിൽ ഉണ്ടായിട്ടില്ല. എന്നാൽ ഫയലിലെ രേഖകൾ വിശദമായി പരിശോധിച്ചതിൽ നിന്നും ഹിയറിംഗിന്റെ ഭാഗമായി ലഭിച്ച മൊഴികളിൽ നിന്നും ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചട്ടപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും യഥാസമയം പാലിച്ചതായി വ്യക്തമാകുന്ന രേഖകൾ ബന്ധപ്പെട്ട ഫയലിൽ ഉണ്ടായിരുന്നില്ല എന്നും ഉദ്യോഗസ്ഥരിൽ നിന്ന് മനപൂർവ്വം അല്ലാത്ത കാരണങ്ങളാൽ പദ്ധതി പൂർത്തിയാക്കലിൽ കാലതാമസം നേരിട്ടു എന്നും കാണുന്നു. കൂടാതെ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തിയിരുന്നുവെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട സാഹചര്യവും ഉണ്ടാകുമായിരുന്നില്ല എന്നും കാണുന്നു.

5. വിജിലൻസ് മിന്നൽപരിശോധന റിപ്പോർട്ട്, കുറ്റാരോപിതരുടെ വാദങ്ങൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം, ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയുടെ കണ്ടെത്തലുകൾ, ഹിയറിങ് ഓഫീസറുടെ കണ്ടെത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ മേൽവിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ നിറമരുതൂർ ഹയർസെക്കൻഡറി സ്കൂൾ ടോയ്‌ലെറ്റ് ബ്ലോക്ക്, ഓപ്പൺ ഗാലറി എന്നിവ നിർമ്മിച്ചതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് SC-96/2022/MPM നമ്പറായി 09.11.2022-ൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിലവിൽ സർവ്വീസിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരായ ശ്രീമതി സജിത എ. (PEN-729335), ശ്രീമതി ജുമൈലത്ത് വി.വി. (PEN-680086) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം 'സെൻഷർ' ശിക്ഷ നൽകികൊണ്ടും, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുൽഫീക്കർ എൻ.(PEN-600208), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മനോജ്കുമാർ.സി.ബി.(PEN-717053), റിട്ട. അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജഗന്നിവാസൻ പി.(PEN-698110) എന്നിവർക്കതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(d) പ്രകാരവും, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ.(PEN-493133), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ലിസ്സി പി.സി. (PEN-486094) എന്നിവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരവും, വളരെ ഹ്രസ്വകാലം ടി പ്രവൃത്തിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. മഹേഷ് ഒ.(PEN-369582), ശ്രീമതി മഞ്ജു ജി. (PEN-523014) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ്

(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരവും തുടർന്നുവരുന്ന അച്ചടക്കനടപടിയിലെ തുടർനടപടിയിൽ നിന്നും ടിയാളുകളെ ഒഴിവാക്കിയും കുറ്റവിമുക്തരാക്കിയും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

**6.** റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സജീവ് എം.കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 246/2026 നമ്പർ കേസിൽ ബഹു. ട്രൈബ്യൂണലിന്റെ പരാമർശം 10 ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കുകയും ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. **അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)**
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് **(DPC ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി)**
6. വിജിലൻസ് (ഡി) വകുപ്പ് (07.09.2026-ലെ VIG-D1/109/2023-VIG പ്രകാരം)
7. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EWA2/39/2023-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Dileep D
Date: 22-10-2026
22:05:44
സെക്ഷൻ ഓഫീസർ